**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 438** **23-07-2021 - ൽ മറുപടിയ്ക്ക്**

**കണ്ടൽക്കാടുകളെ റിസർവ്വ് വനമായി പ്രഖ്യാപിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽ കാടുകൾ, പുറമ്പോക്കുകൾ എന്നിവ റിസർവ്വ് വനമായി പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ നടപടിക്രമം എന്താണെന്ന് വ്യക്തമാക്കുമോ? | (എ) | പരിസ്ഥിതി പ്രാധാന്യമുള്ള കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിൽ കൊച്ചി താലൂക്കിൽ പുതുവൈപ്പ് വില്ലേജിൽ 65.83 ഹെക്ടറും തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ വെണ്മനാട് വില്ലേജിൽ 94.77 ഹെക്ടർ കണ്ടൽക്കാടും ആലപ്പുഴ ജില്ലയിലെ പുറക്കാട് 175 ഹെക്ടറും കേരള വന നിയമം സെക്ഷൻ 4 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാർ അധീനതയിലുള്ള ഭൂമിയാണ് ഇത്തരത്തിൽ റിസർവ്വായി പ്രഖ്യാപിക്കുന്നത്. സെക്ഷൻ 19 വരെയുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ